കൂലി തുടങ്ങിയ അനുബന്ധ ചെലവുകൾ ഉൾപ്പെടെ റീ-അപ്രോപ്രിയേഷൻ വഴി കഴിഞ്ഞ വർഷം തുക കണ്ടെത്താൻ ശ്രമിച്ചിരുന്നെങ്കിലും ലഭിച്ചില്ല. ഈ വർഷത്തെ സംഭരണം നവംബർ-ഡിസംബർ മാസങ്ങളിലാണ് ആരംഭിക്കുന്നത്. ഈ വർഷം കോക്കനട്ട് ഡവലപ്മെന്റ് ബോർഡ് വഴി നടപ്പിലാക്കുന്നതിനുവേണ്ടി 3 ലക്ഷം രൂപ കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. വിത്തുതേങ്ങയുടെ വില ഡബ്ല്യു.സി.ടി. ഇനത്തിന് 37 രൂപയും ഹൈബ്രിഡ് ഇനത്തിന് 42 രൂപയുമാണ്. കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുകയായ 91.81 ലക്ഷം രൂപ നൽകുവാനുള്ള വിഷയം 23-7-2015-ന് ചേരുന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പരിഗണിക്കുന്നതാണ്. വർക്കിംഗ് ഗ്രൂപ്പ് പാസ്സാക്കിയാലുടൻ തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

10. സ്പെഷ്യൽ നിയമനം

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീ-യുവാക്കളെ പോലീസ് സേനയിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കണമെന്ന് ആവശ്യപ്പെട്ടാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും അതിനോടൊപ്പം ഈ വിഭാഗത്തിനെതിരെ നടക്കുന്ന അതിക്രമങ്ങളും പീഡനങ്ങളും മാവോയിസ്റ്റുകളുടെ കടന്നുകയറ്റവും തടയുന്നതിനും സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നാണ് ഞാനാവശ്യപ്പെടുന്നത്. ആദരണീയനായ ലീഡർ കെ. കരുണാകരൻ ഈ സഭയിൽ മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുകൾ നടത്തി വിവിധ വകുപ്പുകളിലേക്ക് ആദിവാസികളായ ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുന്ന ഘട്ടത്തിൽ 300 ഫോറസ്റ്റ് ഗാർഡുമാരെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമിക്കുകയുണ്ടായി. പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഈ കാലയളവിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റുവഴി 700 ഫോറസ്റ്റ് വാച്ചർമാരെ നിയമിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി അന്ന് കെ.പി.സി.സി. പ്രസിഡന്റായിരുന്ന ഘട്ടത്തിൽ 'ഗാന്ധിഗ്രാമം' പദ്ധതിയിലൂടെ കോളനികളിൽ നേരിട്ടെത്തി പട്ടികവർഗ്ഗക്കാരുടെ ജീവിതരീതി മനസ്സിലാക്കിയ വ്യക്തിയാണ്. മാത്രമല്ല, വയനാട് ജില്ലയിലെ മാവോയിസ്റ്റുകളുടെ അതിപ്രസരവും കടന്നുകയറ്റവും ഉണ്ടായപ്പോൾ അദ്ദേഹം നേരിട്ടുതന്നെ ഈ കോളനികളൊക്കെ സന്ദർശിച്ച് ഇവരുടെ ജീവിതരീതികളും വികസനപ്രവർത്തനങ്ങളുമൊക്കെ വിലയിരുത്തിയിട്ടുണ്ട്. വളരെ വിദ്യാസമ്പന്നരായ, കഴിവുള്ള, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതീ-യുവാക്കൾ വയനാട്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലയിലുൾപ്പെടെ കേരളത്തിലെ 14 ജില്ലകളിലുമുണ്ട്. അങ്ങ് ഇടപെട്ട് ഇത്തരം യുവതീ-യുവാക്കൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി പോലീസ് സേനയിൽ നിയമനം നൽകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യ പ്പെടുന്നത്. മാത്രമല്ല, റിക്കോർഡ് പരിശോധിച്ചപ്പോൾ പോലീസ് സേനയിൽ പട്ടികവർഗ്ഗക്കാരുടെ എണ്ണം വളരെ കുറവാണ്. അത്തരം കാര്യങ്ങൾകൂടി പരിഹരിക്കാൻ കഴിയണമെന്നാണ് ഈ സഭയിൽ എനിക്ക് ബോധിപ്പിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിന്റെ വടക്കൻ ജില്ലകളായ വയനാട്, കോഴിക്കോട്, കണ്ണൂർ, മലപ്പുറം, പാലക്കാട് എന്നിവയുടെ പലഭാഗത്തും കേരള-കർണ്ണാടക-തമിഴ്നാട് സംസ്ഥാനാതിർത്തി പ്രദേശങ്ങളിലെ പശ്ചിമഘട്ട വനമേഖലയിലും ആദിവാസി ഊരുകളിലും മാവോയിസ്റ്റുകളുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മാവോയിസ്റ്റ് സംഘടനയിൽപ്പെട്ടവർ ആദിവാസികളുടെ ക്ഷേമം അന്വേഷിക്കുന്നതായി ഭാവിക്കുകയും അവർക്കുവേണ്ടി നിലകൊള്ളുന്നവരാണെന്ന് അവരെ ധരിപ്പിക്കുകയും പോലീസ്-ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാർക്കും മറ്റ് സർക്കാർ സംവിധാനങ്ങൾക്ക് എതിരെയുള്ള അവരുടെ പോരാട്ടത്തിൽ ആദിവാസികളുടെ സഹായമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുവരുന്നു. സമൂഹത്തിന്റെ വളരെ താഴേക്കിടയിലുള്ള ജനവിഭാഗങ്ങൾ, പ്രത്യേകിച്ചും ആദിവാസികൾക്കിടയിൽ പ്രവർത്തിച്ച് അവർക്കിടയിൽ സ്വാധീനം ഉറപ്പിക്കാനാണ് മാവോയിസ്റ്റുകൾ പ്രധാനമായും ശ്രമിക്കുന്നത്. ആദിവാസി വിഭാഗങ്ങളുടെ പിന്തുണയും അവരുടെ സ്വാധീനവുമാണ് ഇതിലൂടെ അവർ ലക്ഷ്യമിടുന്നത്. ആദിവാസി വിഭാഗത്തിൽപ്പെട്ടവർ മാവോയിസ്റ്റുകളുടെ സ്വാധീനത്തിന് വശംവദരായി അവർക്ക് യഥേഷ്ടം പ്രവർത്തിക്കുന്നതിനുള്ള അവസരമുണ്ടാക്കി കൊടുക്കുന്നത് ചെറുക്കേണ്ടതാവശ്യമാണ്. ഒരു കാര്യത്തിൽ നമുക്ക് സന്തോഷമുണ്ട്, ഒരു ആദിവാസി സംഘടനയോ, ഒരു രാഷ്ട്രീയ പാർട്ടിയോ ഇവരുടെ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുന്നില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ പോലീസ് സേനയിൽ ആദിവാസികളുടെ എണ്ണം വളരെ കുറവാണ്. അത് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ആദിവാസ മേഖലയിലെ വികസന പരിപാടികൾ ശക്തിപ്പെടുത്തുക, വിവിധ ഗവൺമെന്റ് സംവിധാനങ്ങളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തുക, അവരുടെകൂടി ഒരു ഗവൺമെന്റാണ് നാട് ഭരിക്കുന്നത് എന്ന ബോധ്യമുണ്ടാവുക എന്നിവ പ്രധാനപ്പെട്ട ഘടകങ്ങളാണ്. അതിനുവേണ്ടിയാണ് പോലീസ് സേനയിൽ ആദിവാസികൾക്കുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താനുള്ള തീരുമാനമെടുത്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വനത്തോട് ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലെ ട്രൈബൽ സെറ്റിൽമെന്റ് കോളനികളിലെ ആദിവാസികളായ യുവജനങ്ങളെ പോലീസ്-എക്സൈസ് വകുപ്പുകളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി തെരഞ്ഞെടുക്കുന്നതിനായി സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ചേർന്ന് അതിന്റെ നടപടിക്രമങ്ങൾ തീരുമാനിക്കുന്നതിനായി 21-3-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 56/2015/ ആഭ്യന്തരം നമ്പർ ഉത്തരവുപ്രകാരം ആഭ്യന്തരവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും നികുതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും, പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായി ഒരു കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റി 17-4-2015-ൽ ആദ്യ യോഗം ചേരുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, സംസ്ഥാന പോലീസ് മേധാവി എന്നിവരുടെ പ്രതിനിധികളെക്കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരത്തിൽ നിയമനം നടത്തുന്നതിനുള്ള ഒഴിവുകൾ കണ്ടുപിടിക്കുന്നതിനും ശാരീരിക അളവുകൾ, പ്രായം എന്നിവയിൽ ഇളവ് അനുവദിക്കുന്നതിനും ഉള്ള വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവി, നികുതി വകുപ്പ് സെക്രട്ടറി എന്നിവർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയെ പ്രസ്തുത കമ്മിറ്റിയിൽ നാമനിർദ്ദേശം ചെയ്തതായി കമ്മീഷൻ അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച പ്രദേശങ്ങളിൽ നടപടിക്രമങ്ങൾ പാലിച്ച് പട്ടികവർഗ്ഗ വിഭാഗങ്ങളിൽനിന്ന് 200 പോലീസ് കോൺസ്റ്റബിൾമാരെ ഡയറക്ടായി നിയമിക്കാനുള്ള നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. അത് ഒക്ടോബർ 2-ാം തീയതിക്കുമുമ്പ് പ്രാബല്യത്തിൽ വരുമെന്ന് ബഹുമാനപ്പെട്ട മെമ്പറെയും ഈ സഭയേയും അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

11. ഫയർ സ്റ്റേഷൻ അനുവദിക്കൽ

<u>ശ്രീ. കെ. വി. വിജയദാസ്</u> : സർ, കോങ്ങാട് മണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട സർക്കാരിനോട് ആവശ്യപ്പെടുന്നത്. രണ്ടാംതവണയാണ് ഞാൻ ഈ കാര്യം സഭയിൽ ഉന്നയിക്കുന്നത്. മലയോര മേഖലയായ കോങ്ങാട് മണ്ഡലത്തിൽ മലയിടിച്ചിലും ഉരുൾപൊട്ടലും മണ്ണിടിച്ചിലും ഗ്യാസ് ടാങ്കർ അപകടങ്ങളും കാട്ടുതീയുമെല്ലാം സർവ്വസാധാരണയാണ്. ഷൊർണ്ണൂർ, പാലക്കാട് കേന്ദ്രങ്ങളിൽ നിന്നും ഫയർ സർവ്വീസ് എത്താൻ ഏതാണ്ട് 40 കി. മീ. ദൂരമെങ്കിലും പിന്നിടണം. കോങ്ങാട്